



# 10 കിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ

10 കിലോ കഞ്ചാവുമായി രണ്ട് യുവാക്കളെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ഒറ്റപ്പാലം പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ പിടികൂടി. ഒറ്റപ്പാലം, ചുനങ്ങാട് സ്വദേശികളായ പ്രമോദ് വഃ 31, ഗുണ്ടു സുര എന്ന സുരേഷ് കുമാർ വ ഃ 32 എന്നിവരെയാണ് ഒറ്റപ്പാലം – അമ്പലപ്പാറ റോഡിൽ ചുനങ്ങാട് പരിസരത്തിൽ നിന്നും പിടികൂടിയത്. ഇവർ സഞ്ചരിച്ച സ്കൂട്ടറിലാണ് ചാക്കിലാക്കായ നിലയിൽ 9.650 ഗ്രാം കഞ്ചാവ് കണ്ടെടുത്തത്. പിടിച്ചെടുത്ത കഞ്ചാവിന് 10 ലക്ഷം രൂപ വിലവരും.



## പത്തുകിലോ കഞ്ചാവുമായി യുവാക്കൾ പിടിയിൽ

ഒറ്റപ്പാലം: പത്തുകിലോ കഞ്ചാവുമായി രണ്ടുയുവാക്കളെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും ഒറ്റപ്പാലം പോലീസും സംയുക്തമായി നടത്തിയ പരിശോധനയ്ക്കിടെ പിടികൂടി. ഒറ്റപ്പാലം, ചുനങ്ങാട് സ്വദേശികളായ പ്രമോദ് (31), ഗുണ്ടു സുര എന്ന സുരേഷ് കുമാർ (32) എന്നിവരെയാണ് ഒറ്റപ്പാലം അമ്പലപ്പാറ റോഡിൽ ചുനങ്ങാടുനിന്നും പിടികൂടിയത്. ഇവർ സഞ്ചരിച്ച സ്കൂട്ടറിൽനിന്നും ചാക്കിലാക്കിയ നിലയിലാണ് 9.650 ഗ്രാം കഞ്ചാവ് കണ്ടെടുത്തത്. പിടിച്ചെടുത്ത കഞ്ചാവിന് 10 ലക്ഷം രൂപ വിലവരും. ജില്ലാ പോലീസ് മേധാവി ശിവവിക്രമിന്റെ നിർദേശത്തെ തുടർന്ന് നർകോട്ടിക് സെൽ ഡിവൈഎസ്പി ബാബു തോമസിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.തമിഴ്നാട്ടിൽനിന്നാണ് പ്രതികൾക്ക് കഞ്ചാവ് എത്തിച്ചു നല്കിയതെന്നു പറയുന്നു. പിടിയിലായ സുരേഷ് നേരത്തെ നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയാണ്. പത്തുദിവസംമുമ്പാണ് ജാമ്യത്തിലിറങ്ങിയത്. പ്രമോദ് റെയിൽവേ പാർക്കിംഗ് കോൺട്രാക്റാണ്.

പ്രതികളെ കോവിഡ് പരിശോധനയ്ക്കു ശേഷം കോടതിയിൽ ഹാജരാക്കും. ഒറ്റപ്പാലം സിഐ എം.സുജിത്ത്, എസ്ഐ അനീഷ്, എഎസ്ഐ രമേശ്, ഡബ്യുഎസ് സിപിഒ രജിത, സിപിഒ റഫീഷ് ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ എസ്.ജലീൽ, സുനിൽ കുമാർ, ടി.ആർ.കിഷോർ, ആർ. വിജയാനന്ദ്, സി.അഹമ്മദ് കബീർ, കെ.ആർ.വിനീഷ്, ആർ.രാജീദ്, എസ്. ഷനോസ്, എസ്.ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

പ്രമോദും സുരേഷ്കുമാറും

തമിഴ്നാട്ടിൽ നിന്നുമാണ് പ്രതികൾക്ക് കഞ്ചാവ് എത്തിച്ചു കൊടുത്തതെന്ന് അറിവായിട്ടുണ്ട്. ഒറ്റപ്പാലം, ഷൊർണ്ണൂർ ,പട്ടാമ്പി ഭാഗത്തേക്ക് കൊണ്ടു പോകുന്ന കഞ്ചാവാണ് പിടികൂടിയത്.

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP ബാബു തോമസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. ഒറ്റപ്പാലം C.I. M.സുജിത്ത്, S.I.അനീഷ് , ASI. രമേശ്, WSCPO രജിത, CPO റഫീഷ് ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S.ജലീൽ, സുനിൽ കുമാർ .T. R, കിഷോർ.R, വിജയാനന്ദ്. C, അഹമ്മദ് കബീർ.K, R. വിനീഷ്, R. രാജീദ്, S. ഷനോസ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

.......................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT